ഉത്തരം

(എ-എച്ച്) വിവരം ശേഖരിച്ചുവരുന്നു.

സി-ഡിറ്റിൽ തസ്തിക പുനർനാമകരണം

81(1336) ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സി-ഡിറ്റിൽ ജി.ഒ. (എംഎസ്.) നമ്പർ 6/2010/ഐ. ആന്റ് പി.ആർ.ഡി. തീയതി 8-9-2010 ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം 2006-07-ൽ പത്തൊമ്പത് ജീവനക്കാർക്ക് നൽകിയ തസ്തിക പുനർനാമകരണം റദ്ദ് ചെയ്തിട്ടുണ്ടോ;

(ബി) 1-10-2000 മുതൽ പ്രസ്തുത ഉത്തരവ് (എം എസ്.) നമ്പർ 6/2010/ ഐ. ആന്റ് പി.ആർ.ഡി. തീയതി 8-9-2010, സർക്കാർ പുറപ്പെടുവിച്ചതുവരെയുള്ള തസ്തിക പുനർനാമകരണം അടക്കമുള്ള എല്ലാ പ്രൊമോഷനുകളും റദ്ദാക്കാതെ പ്രൊമോഷൻ റൂൾ നടപടിക്ക് ഘടകവിരുദ്ധമായി പ്രവർത്തിച്ച പ്രസ്തുത അധികൃതരുടെ പേരിൽ ഉചിതമായ നടപടി സ്വീകരിക്കുമോ ;

(സി) ജി.ഒ. (എംഎസ്.) 25/03/സി.എ.ഡി. തീയതി 9-7-2003-ൽ സർവ്വീസ് റൂളിൽ വരുത്തിയ ഭേദഗതിയിലെ ക്ലോസ് II പ്രകാരം സി.എസ്.ഐ.ആർ. ശമ്പള പരിധിയിൽ വരുന്ന ജീവനക്കാരുടെ നോംസ് ആന്റ് ക്വാളിഫിക്കേഷൻ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇവരെ സംബന്ധിച്ചുള്ള റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) സി-ഡിറ്റിൽ ഭൂരിഭാഗം ജീവനക്കാർക്കും സി.എസ്.ഐ.ആർ. യോഗ്യതയില്ലെന്ന് സി-ഡിറ്റ് മാനേജ്മെന്റ് റിപ്പോർട്ട് ചെയ്തതിന് ശേഷം ഇവർക്ക് പിന്നീട് സി.എസ്.ഐ.ആർ. ശമ്പള പരിഷ്കരണം നടത്തിയത് ഏത് മാനദണ്ഡ പ്രകാരം ആണ് ;

(ഇ) സി.എസ്.ഐ.ആർ. ശമ്പളം ലഭിക്കാൻ അർഹതയുള്ളവരെ തെരഞ്ഞെടുക്കാൻ സി-ഡിറ്റ് മാനേജ്മെന്റ് എടുത്ത തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(എഫ്) സി.എസ്.ഐ.ആർ. വിദ്യാഭ്യാസ യോഗ്യതയില്ലാത്തവർക്ക് സർക്കാരിനെ അറിയിക്കാതെ നിയമവിരുദ്ധമായി സി.എസ്.ഐ.ആർ. പരിഷ്കരണം നടത്തിയ അധികൃതരുടെ പേരിൽ ഉചിതമായ നടപടി സ്വീകരിക്കുമോ;

(ജി) കെ. മോഹൻകുമാർ (ഡെപ്യൂട്ടി ഡയറക്ടർ, പ്രൊഡക്ഷൻ) ബീനാചോൾ (എഡിറ്റർ), കെ. ജി. ജയൻ (ക്യാമറാമാൻ) എന്നിവർ സി.എസ്. ഐ. ആർ. നോംസ് അനുസരിച്ച് സയന്റിസ്റ്റ് കാറ്റഗറിയിൽപ്പെട്ട ജീവനക്കാരാണോ; എങ്കിൽ ഇവർ സയന്റിസ്റ്റിന്റെ എന്ത് ജോലിയാണ് ചെയ്തുവരുന്നത്;

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) സി.എസ്.ഐ.ആർ. നോംസ് പരിശോധിച്ച് അർഹതയില്ലാത്ത ജീവനക്കാരെ സി.എസ്.ഐ.ആർ. കാറ്റഗറിയിൽ നിന്നും ഒഴിവാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-എച്ച്) വിവരം ശേഖരിച്ചുവരുന്നു.

പുനർനിയമനം ലഭിച്ച വിമുക്തഭടൻമാരുടെ ആനുകൂല്യങ്ങൾ

82(T1337) ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ ജീവനക്കാരായി പുനർനിയമനം ലഭിച്ച വിമുക്തഭടൻമാരുടെ പെൻഷൻ പ്രായം 60 ആയി ഉയർത്തുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ;

(ബി) സംസ്ഥാന സർക്കാർ ജീവനക്കാരായിരുന്ന വിമുക്തഭടൻമാർക്ക് അവരുടെ കാലശേഷം കുടുംബ പെൻഷൻ കേന്ദ്ര, സംസ്ഥാന കാലയളവ് ചേർത്ത് അനുവദിക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

(സി) ഗ്രൂപ്പ് ഇൻഷുറൻസ് സ്കീം ആനുകൂല്യം ഇവർക്കുകൂടി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ഡി) അന്തർ ജില്ലാ സ്ഥലമാറ്റ നിയമത്തിൽനിന്നും ഇവരെ ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ഇ) ക്ലാസ്സ്-3 തസ്തികയിലേക്കുള്ള 20% സംവരണം ലാസ്റ്റ് ഗ്രേഡ് ജീവനക്കാരായ വിമുക്തഭടൻമാർക്കുകൂടി അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ;

(എഫ്) സർക്കാർ വകുപ്പുകളിൽ നിശ്ചിത ശതമാനം ഒഴിവുകൾ വിമുക്ത ഭടൻമാർക്ക് മാത്രം അനുവദിക്കുവാൻ നടപടികൾ സ്വീകരിക്കുമോ; നിലവിൽ എത്ര ശതമാനം ഒഴിവുകൾ ആണ് അവർക്കായി സംവരണം ചെയ്തിട്ടുള്ളത് എന്ന് വിശദമാക്കുമോ ;

(ജി) കേരളത്തിലെ 35 സബോർഡിനേറ്റ് മേജർ ബറ്റാലിയൻ എൻ.സി.സി. ഓഫീസുകളിൽ ജൂനിയർ സൂപ്രണ്ടുമാരുടെ തസ്തിക ഉയർത്തി 10790-18000 സ്കെയിലിൽ ഡ്രായിങ്ങ് ആന്റ് ഡിസ്ബേഴ്സിങ്ങ് ഉദ്യോഗസ്ഥന്റെ അധികാരമുള്ള മാനേജർമാരായി നിയമിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ-ജി) ഇക്കാര്യത്തിൽ തീരുമാനം എടുത്തിട്ടില്ല.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly